# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 15 No. 2 | PUBLISHED FROM DELHI | PRICE Rs. 3/- | FEBRUARY 2011

## എഫ്.സി.ബി.സി. 3-ാമത് ബിരുദദാനം ഫെബ്രുവരി 26ന്

**അടൂർ:** ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ മൂന്നാമത് ഗ്രാഡുവേഷൻ സർവീസ് 2011 ഫെബ്രുവരി 26 ശനിയാഴ്ച രാവിലെ 10 മണിക്ക് അടൂർ മർത്തോമ്മാ യൂത്ത് സെന്ററിൽ വച്ച് നടത്തപ്പെടും. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ ഡോ. ഐസക് വി. മാത്യു മുഖ്യസന്ദേശം നൽകും. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റും, എഫ്.സി.ബി.സി. ഡയറക്ടറുമായ പാസ്റ്റർ എം. സാമുവൽകുട്ടി ബിരുദദാന ശുശ്രൂഷ നിർവ്വഹിക്കും. ബി.റ്റി.എച്ച്, ഡി.റ്റി.എച്ച്, സി.റ്റി.എച്ച്, എന്നീ ക്ലാസ്സുകളിൽ നിന്നുള്ള പതിമൂന്നു വിദ്യാർത്ഥികൾ ഇക്കൊല്ലം ഗ്രാഡുവേറ്റ് ചെയ്യും. പുതിയ വർഷത്തെ ക്ലാസ്സുകൾ 2011 ജൂൺ ആദ്യവാരം ആരംഭിക്കും.



*രണ്ടാമത് ബിരുദദാന ചടങ്ങിന്റെ ഒരു ദൃശ്യം (ഫയൽഫോട്ടോ)*

## ഹാർവെസ്റ്റ് മിഷൻ കൺവൻഷനും ബിരുദദാന ശുശ്രൂഷയും

**ന്യൂഡൽഹി:** ഉത്തര ഭാരതത്തിലെ പ്രേഷിത പ്രവർത്തനത്തിൽ തനതായ മുഖമുദ്ര പതിപ്പിച്ച ഹാർവെസ്റ്റ് മിഷൻ ചർച്ചിന്റെ വാർഷിക കൺവൻഷനും ഹാർവെസ്റ്റ് മിഷൻ കോളജിന്റെ ബിരുദദാന ശുശ്രൂഷയും 2011 മാർച്ച് 18 മുതൽ 20 വരെയുള്ള തീയതികളിൽ നടത്തപ്പെടുന്നു. സ്വദേശികളും വിദേശികളുമായ ദൈവദാസന്മാർ ഈ യോഗങ്ങളിൽ ദൈവവചനം ശുശ്രൂഷിക്കും.

18,19 തീയതികളിൽ രാവിലെ 9 മുതൽ വൈകിട്ട് 4 വരെ വിവിധ ഘട്ടങ്ങളിലായി ശുശ്രൂഷകന്മാർക്കായുള്ള പ്രത്യേക ക്ലാസ്സുകൾ എച്ച്.എം.സി. ഓഡിറ്റോറിയം, ബി-21, സെക്ടർ-55, നോയിഡയിൽ വച്ച് നടത്തപ്പെടും. വചന പരിജ്ഞാനവും ആത്മനിറവുമുള്ള ദൈവദാസന്മാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. വിദൂര സ്ഥലങ്ങളിൽ നിന്ന് വരുന്ന ശുശ്രൂഷകന്മാർക്ക് താമസ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

18,19 തീയതികളിൽ നോയിഡ, സെക്ടർ-12, ഒ. ബ്ലോക്കിലുള്ള കമ്മ്യൂണിറ്റി ഹാളിൽ വൈകിട്ട് 6 മണിമുതൽ കൺവൻഷൻ ആരംഭിക്കുന്നതാണ്. പാസ്റ്റർ സണ്ണി കുര്യൻ (കേരള) ഈ യോഗങ്ങളിൽ മുഖ്യ പ്രഭാഷകനായരിക്കും. 20-ാം തീയതി രാവിലെ 8 മണിക്ക് സ്നാനശുശ്രൂഷയും തുടർന്ന് സംയുക്ത ആരാധനയും നടക്കും. ഉത്തർപ്രദേശ്, ഡൽഹി, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഹരിയാന, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള എച്ച്.എം.സി. സഭാശുശ്രൂഷകന്മാരും വിശ്വാസികളും ഈ യോഗങ്ങളിൽ പങ്കെടുക്കും.

20-ാം തീയതി വൈകിട്ട് 4 മണിക്ക് എച്ച്.എം.സിയുടെ 9-ാമത് ബിരുദദാന ശുശ്രൂഷ സെക്ടർ-12, ഒ. ബ്ലോക്കിലുള്ള കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തപ്പെടും. റവ. ബിജു ജോണിന്റെ നേതൃത്വത്തിലുള്ള വിവിധ കമ്മറ്റികൾ യോഗങ്ങളുടെ സുഗമമായ നടത്തിപ്പിനായി പ്രവർത്തനം ആരംഭിച്ചു. കഴിഞ്ഞ ഒരു ദശാബ്ദമായി ഉത്തരഭാരതത്തിലെ സുവിശേഷ പ്രവർത്തനത്തിനായി ഒരുകൂട്ടം യുവതി യുവാക്കളെ വാർത്തെടുക്കുവാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. പഠനാനന്തരം വിവിധ സംസ്ഥാനങ്ങളിൽ എച്ച്.എം.സി. യോട് ചേർന്ന് പ്രവർത്തിക്കുവാൻ ഇവിടുത്തെ പഠിതാക്കൾക്ക് അവസരം നൽകുന്നു.

ബി.റ്റി.എച്ച്., എം.ഡിവ്. (ഇന്റേണൽ & എക്സ്റ്റേണൽ) ക്ലാസ്സുകൾക്കും മറ്റു ജോലികളിലേർപ്പെട്ടിരിക്കുന്നവർക്കായി സായാഹ്ന ക്ലാസ്സുകളും നടത്തിക്കൊണ്ടിരിക്കുന്നു. പുതിയ അദ്ധ്യയന വർഷത്തിലേക്കുള്ള പ്രവേശനം തുടങ്ങിക്കഴിഞ്ഞു. ക്ലാസ്സുകൾ ജൂൺ 25-ന് ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0120-6417828, 2550213, 9811373357, 9891223442. എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## മാധ്യമ രംഗത്തെ അധാർമികത പുതിയ തരംഗമോ?

പ്രത്യേക ലേഖകൻ

ഇന്ന് നമ്മുടെ നാട്ടിൽ അഴിമതി വൻതോതിൽ വർദ്ധിച്ചിരിക്കുന്നതായി പൊതുവെ പരാതി ഉയരുന്നു. അഴിമതി പണ്ട് മുതൽ ഉണ്ട്. എന്നാൽ, സകല പരിധികളും ലംഘിച്ച് ഒരു ലജ്ജയുമില്ലാതെ അഴിമതി അഴിഞ്ഞാടുന്ന ഒരു സ്ഥിതിവിശേഷം ഇതിനുമുമ്പ് സംജാതമായിട്ടില്ല. ഇപ്പോൾ കേൾക്കുന്ന മറ്റൊരു മുറവിളി പത്രപ്രവർത്തകരും അഴിമതിക്ക് കൂട്ട് നിൽക്കുന്നു എന്നതാണ്. 2 ജി സ്പെക്ട്രം ഇടപാടുകളിൽ കോർപ്പറേറ്റ് ലോബിയിസ്റ്റായ നീരാ റാഡിയയെ ഹിന്ദുസ്ഥാൻ ടൈംസിന്റെ ഉപദേശകനും എഡിറ്റോറിയൽ ഡയറക്ടറുമായ വീർ സാംഘ്‌വിയും എൻഡി ടിവിയുടെ മാനേജിങ് എഡിറ്ററും മുതിർന്ന വാർത്താവതാരകയും ആയ ബർഖാ ദത്തും സഹായിച്ചത് അധാർമികമായ പണക്കൊതി നിമിത്തമാണെന്ന് പരക്കെ ആരോപണം ഉയർന്നിരിക്കുന്നതിന്റെ പശ്ചാത്തലത്തിലാണിങ്ങനെയുള്ള പരിദേവനം.

പത്രങ്ങൾ ജനാധിപത്യത്തിന്റെ ഒരു നിർണായകഘടകമാണെന്ന് പണ്ട് മുതൽ കരുതിപ്പോരുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ നിലവിലുണ്ടായിരുന്ന നിയമനിർമാണ ഭരണ സംവിധാന ഘടനയനുസരിച്ച് ആത്മീയ മണ്ഡലത്തിലെ പ്രഭുക്കളായി വിരാജിച്ചിരുന്ന പള്ളിപ്രമാണികൾക്കായിരുന്നു പ്രഥമസ്ഥാനം. രണ്ടാമത്തെ ഘടകം ഭൗതികതയുടെ പ്രാതിനിധ്യം ഉണ്ടായിരുന്ന പ്രഭു സഭ ആയിരുന്നു. മൂന്നാമത്തെ ഘടകം സാധാരണ ജനങ്ങളെ പ്രതിനിധാനം ചെയ്തിരുന്ന ഹൗസ് ഓഫ് കോമൺസും. എന്നാൽ, ഈ മൂന്ന് വിഭാഗങ്ങളെക്കാളും പ്രാധാന്യമേറിയ വരാണ് പത്രപ്രവർത്തകർ എന്നർത്ഥത്തിൽ ഫോർത്ത് എസ്റ്റേറ്റ് എന്ന വിശേഷണം അവർക്ക് ചാർത്തിക്കൊടുത്തത് പതിനെട്ടാം നൂറ്റാണ്ടിലെ പ്രഗത്ഭ ബ്രിട്ടിഷ് വാഗ്മിയും നിയമനിർമാണ സഭാംഗവുമായിരുന്ന എഡ്മണ്ട് ബർക്ക് (1729-1797) ആയിരുന്നു. ഫോർത്ത് എസ്റ്റേറ്റ് ഇപ്പോൾ അഞ്ചാം പത്തിയായി അധ:പതിച്ചോ എന്ന സംശയം ആണ് *കേരളശബ്ദം* ജനുവരി 3-ാം ലക്കത്തിൽ പ്രസിദ്ധീകരിച്ച *ഫോർത്ത് എസ്റ്റേറ്റ് ഫിഫ്ത്ത് കോളമോ?* എന്ന ലേഖനത്തിൽ ഡോ. എൻ.എ. കരീം ഉന്നയിച്ചിരിക്കുന്നത് (നുഴഞ്ഞുകയറ്റം, ചാരപ്രവൃത്തി, നുണപ്രചാരണം, കിംവദന്തികൾ പരത്തൽ തുടങ്ങിയവയ്ക്കുവേണ്ടി നാല് വശത്തിന്നും മാഡ്രിഡ് നഗരത്തെ ആക്രമിക്കുന്ന പടകളെ കൂടാതെ ഒരു അഞ്ചാംപത്തി പടയെയും രൂപീകരിച്ചിട്ടുണ്ടെന്ന് സ്പാനിഷ് ആഭ്യന്തര യുദ്ധകാലത്ത് (1936-1939) ഫാഷിസ്റ്റ് ജനറൽ എമിലിയ മോള പറഞ്ഞതായും യുദ്ധം റിപ്പോർട്ട് ചെയ്ത വിഖ്യാത അമേരിക്കൻ സാഹിത്യകാരൻ ഏണസ്റ്റ് ഹെമിങ്ങ്‌വേ *ഫിഫ്ത് കോളം* എന്ന പേരിൽ തന്നെ ഒരു നാടകം രചിച്ചതായും ഡോ. കരീമിന്റെ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നു.)




മാധ്യമരംഗത്തെ മൂല്യച്യുതി പുതിയ ഒരു പ്രവണതയുടെ തുടക്കത്തിന്റെ ലക്ഷണമാണെന്ന് ആവലാതികൾ ഉയരുമ്പോഴും പണ്ട് മുതൽക്കേ പത്രപ്രവർത്തനം അത്ര വലിയ ധാർമികതയിൽ ഊന്നിയിരുന്നില്ല, അധികാരത്തിൽ ഇരിക്കുന്നവരുടെ പ്രീതി പിടിച്ചുപറ്റി സ്വന്തം സ്വാധീനം വർദ്ധിപ്പിച്ച് പേരും പെരുമയും പണവും നേടുവാനുള്ള വ്യഗ്രത മുമ്പ് തന്നെ പത്രപ്രവർത്തന രംഗത്ത് ഉണ്ട്. തങ്ങൾക്കടുപ്പമുള്ള നേതാക്കന്മാർക്കനുകൂലമായും അവരുടെ എതിരാളികൾക്ക് പ്രതികൂലമായും വാർത്ത കൊടുക്കുന്ന പ്രവണത മുമ്പും ഉണ്ടായിരുന്നു.

അതുപോലെ തന്നെ, വലിയ പത്രങ്ങളുടെ പ്രാദേശിക ലേഖകരും, പ്രാദേശിക - അന്തിപത്രങ്ങളുടെ ഉടമകളും ലേഖകരും വാർത്തകൾ പ്രസിദ്ധീകരിക്കുവാൻ മദ്യക്കുപ്പിയോ മറ്റ് സമ്മാനങ്ങളോ സ്വീകരിച്ചിരുന്നതായും കേട്ടറിവുള്ളതാണ്. ഇക്കൂട്ടരുടെ മറ്റൊരു ഏർപ്പാട് ബ്ലാക്ക്മെയിലിങ്ങ് നടത്തി പണം പിടുങ്ങുക എന്നതാണ്.

അതുപോലെ തന്നെ രാഷ്ട്രീയ നേതാക്കളും വ്യവസായികളും ഒക്കെ നേരത്തെ തന്നെ പത്രം നടത്തിയിരുന്നു. തങ്ങൾക്കനുകൂലമായ പ്രതിച്ഛായ നിർമിച്ചെടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് അവർ ഇതിൽ ഏർപ്പെട്ടു വരുന്നത്. വൻകുത്തകകളായ പത്രങ്ങളും പ്രമുഖ വ്യവസായികളുടെ ഉടമസ്ഥതയിലാണ് പ്രസിദ്ധീകരിക്കപ്പെടുന്നത്. അവരുടെ താൽപര്യങ്ങൾക്കനുസരിച്ചുള്ള പത്രനയം ആയിരിക്കുമല്ലോ അവർ സ്വീകരിച്ചിരിക്കുന്നത്. അവർക്ക് അടുപ്പമുള്ള രാഷ്ട്രീയ കക്ഷിക്ക് അനുകൂലമായ അഭിപ്രായരൂപീകരണം നടത്താൻ അവർ ശ്രമിക്കും. ഉദാഹരണത്തിന് അവർക്ക് അടുപ്പമുള്ളവരുടെ ഭരണം മോശമാണെങ്കിലും അവർ വിമർശിക്കുകയില്ല; മറിച്ച്, അവർക്ക് അടുപ്പമില്ലാത്ത കക്ഷിയാണ് ഭരണത്തിലെങ്കിൽ നല്ല കാര്യങ്ങൾ വരെ അവർ തമസ്കരിക്കും. രാഷ്ട്രീയ പാർട്ടികൾക്കും ഔദ്യോഗിക ജിഹ്വകളായ, പ്രസിദ്ധീകരണങ്ങൾ ഉണ്ട്. ലക്ഷ്യം സ്വന്തം താല്പര്യങ്ങൾക്കനുസരിച്ച് പൊതു അഭിപ്രായം രൂപപ്പെടുത്തുക എന്നതുതന്നെ.

കലാപങ്ങളുടെ ചരിത്രം പരിശോധിച്ചാൽ തന്നെ അവ ഊതിക്കത്തിക്കുവാൻ പ്രസിദ്ധീകരണങ്ങൾ വിശേഷിച്ച് ഭാഷാപത്രങ്ങൾ വലിയ പങ്ക് വഹിച്ചു വരുന്നതായി കാണാം. മത തീവ്രവാദം, വർഗീയത, പ്രാദേശികത, ഭാഷാമൗലികവാദം, തുടങ്ങിയവയെ വളർത്തുവാൻ പത്രങ്ങൾക്കുള്ള പങ്ക് മുമ്പു തന്നെ ചർച്ച ചെയ്യപ്പെട്ടിരുന്നു. പ്രചാര വർദ്ധനയ്ക്കായി പത്രങ്ങൾ പലപ്പോഴും അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും അനുകൂലിച്ചു വരുന്നതായും കാണാൻ കഴിയുന്നു. ആത്മീയതയുടെ പേരിൽ ജനങ്ങളെ കബളിപ്പിക്കുവാൻ വ്യാജന്മാർക്ക് പിന്തുണ നൽ

(ശേഷം മൂന്നാം പേജിൽ)

പത്രാധിപ ലേഖനം.......

# വിശ്വാസിയും ലൗകികതയും



ഈ പംക്തിയിൽ പലപ്പോഴും പറഞ്ഞിട്ടുള്ള ഒരു കാര്യമാണ് വിശ്വാസ സമൂഹത്തിന് മറ്റുള്ളവരുടെയിടയിൽ വിശ്വാസ്യത നഷ്ടപ്പെടുവാനുള്ള മുഖ്യകാരണങ്ങളിലൊന്ന് വാക്കും പ്രവൃത്തിയും തമ്മിലുള്ള അകലമാണ്. വാക്കുകളെക്കാൾ ശക്തമായി ഭാഷിക്കുന്നത് പ്രവൃത്തിയാണ്, പറയുന്നത് അഥവാ പ്രസംഗിക്കുന്നത് പ്രാവർത്തികമാക്കുക എന്നൊക്കെ നാം പറയാറുണ്ടെങ്കിലും ആലങ്കാരികഭാവം മാത്രമേ ഈ പറച്ചിലുകൾക്കുള്ളു. മറ്റുള്ളവരെ ഉപദേശിക്കുന്നതിലും കുറ്റം വിധിക്കുന്നതിലും വിശ്വാസികൾ എന്നഭിമാനിക്കുന്ന നാം വളരെ മുന്നിലാണ്. എന്നാൽ, സ്വന്തം ജീവിതം ഈ ഉപദേശങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായാണോ നയിക്കുന്നത് എന്ന് ആരും സ്വയം ശോധന ചെയ്യുന്നില്ല. ഇന്ന് രാഷ്ട്രീയക്കാർ ജനങ്ങളുടെ ഇടയിൽ പരിഹാസ്യരായിത്തീർന്നിരിക്കുന്നത് പറയുന്നതിന് വിപരീതമായി പ്രവർത്തിക്കുന്നതുകൊണ്ടാണ്. എന്നാൽ, അവരിലും പരിതാപകരമായ സ്ഥിതിയിലാണ് ഇന്ന് ലോകത്തിൽ നാം.

നമ്മുടെ ഇടയിലെ പ്രസംഗങ്ങളും സുവിശേഷ പ്രചാരണങ്ങളുമൊക്കെ ആത്മീയത കേന്ദ്രീകരിച്ചുള്ളവയാണ്. ലോകം നശ്വരമാണെന്നും ലോകസ്നേഹം ദൈവത്തോടുള്ള ശത്രുതയാണെന്നുമൊക്കെ നാം പഠിപ്പിക്കാറുണ്ട്. നമ്മുടെ കർത്താവിനെ അപമാനിക്കുകയും വെറുക്കുകയും ചെയ്ത ലോകം നമ്മെ മാനിക്കുകയില്ലെന്നും ഈ ലോകത്തിലെ നിന്ദകളും പരിഹാസങ്ങളും വരുവാനുള്ള ലോകത്തിൽ നമുക്ക് നിത്യമായ പ്രതിഫലങ്ങൾക്ക് നിദാനമാകുന്നുവെന്നും നാം പഠിപ്പിക്കുന്നു. ഈ ലോകത്തിലെ വസ്തുവകകൾ എല്ലാം നിസ്സാരമായി കരുതി ആത്മീയമായി സമ്പന്നരാകേണം എന്ന ഉദ്ബോധനം നമുക്ക് മാർഗരേഖയാണെന്നും നാം അവകാശപ്പെടുന്നു. എന്നാൽ, കാര്യങ്ങളുടെ യാഥാർത്ഥ സ്ഥിതി പരിശോധിച്ചാൽ നാം ലോകത്തിൽത്തന്നെ ശ്രദ്ധ പതിപ്പിച്ച് അതിൽത്തന്നെ അഭിരമിക്കുകയാണെന്ന് കാണാം. അപ്പോൾപ്പിന്നെ, നമ്മുടെ സാരോപദേശങ്ങൾ മറ്റുള്ളവർ ഗൗനിക്കുമോ?

ഇന്ന് നമ്മുടെ കാര്യസാധ്യത്തിനായി ഏതു വളഞ്ഞ വഴിയും സ്വീകരിക്കാൻ നമുക്ക് മടിയില്ല. ജോലി കിട്ടാനും വായ്പ ലഭിപ്പാനും മക്കൾക്ക് നല്ല കോഴ്സുകളിൽ പ്രവേശനം ലഭിപ്പാനുമെല്ലാം നാം നിർബന്ധപൂർവ്വം കൈക്കൂലി കൊടുക്കും. അതുപോലെ വാങ്ങിക്കാനും നമുക്കറപ്പില്ല. ഇങ്ങനെയൊക്കെ പ്രവർത്തിച്ചിട്ട് അഴിമതിക്കെതിരെ പ്രസംഗിച്ചാൽ എന്തുപ്രയോജനം? ഒരുപക്ഷേ, നിവൃത്തികേടുകൊണ്ട്, നമ്മുടെ നാട്ടിൽ പ്രസ്ഥാനവൽകരിക്കപ്പെട്ട അഴിമതി എന്ന വിനയ്ക്ക് ഒരു സാഹചര്യത്തിൽ ഇരയായത് മറക്കാം. എന്നാൽ, നല്ല മനസൊരുക്കത്തോടും സന്തോഷത്തോടും കൂടെ നാം ഈ ദുർവ്യവസ്ഥിതിക്ക് പങ്കാളികളാകുന്നത് ഭൗതിക ക്ഷേമത്തിന് നാം അത്രമേൽ പരിഗണന നൽകുന്നതുകൊണ്ടത്രെ. ലഭ്യമായ സാഹചര്യങ്ങളിൽ ഒതുങ്ങിക്കൂടി കഴിയാൻ നമ്മുടെ മനസ്സ് നമ്മെ അനുവദിക്കാത്തതുകൊണ്ടാണ് ഭൗതിക നന്മകൾക്ക് പുറകെ പായേണ്ടിവരുന്നത്.

പണ്ടത്തെ അപേക്ഷിച്ച് ഈ ലോകമാകമാനം സുഖസൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിലും ഈ പുരോഗതി ഉണ്ടായിട്ടുണ്ട്. പണ്ട് കൂരയിൽ വസിച്ച് മുണ്ട് മുറുക്കിയുടുത്തിരുന്ന വിശ്വാസികളുടെ തലമുറകൾ ഇന്ന് സുഭിക്ഷതയുടെ നടുവിലാണ്. ഈ സുഭിക്ഷത ഒരിക്കലും ഒരു തിന്മയല്ല; എന്നാൽ, ധനത്തിൽ മാത്രം ആശ്രയിച്ച് ധനസമ്പാദനത്തിൽ മാത്രം മുഴുകി, മറ്റ് കാര്യങ്ങളെ അവഗണിക്കുമ്പോൾ തിന്മ കടന്നു കൂടുകയാണ്. കൊട്ടാരസമാനമായ ഭവനങ്ങളും ആഡംബരത്തിന്റെ ചലിക്കുന്ന പ്രതീകങ്ങളായ വാഹനങ്ങളും മറ്റും വാങ്ങിച്ചുകൂട്ടുമ്പോൾ ഇന്നും ലോകത്തിൽ പട്ടിണിയും ദാരിദ്ര്യവും നിമിത്തം വീർപ്പുമുട്ടുന്ന ജീവിതങ്ങളെക്കുറിച്ച് ഒരു വേള ചിന്തിക്കുന്നില്ലെങ്കിൽ മന:സാക്ഷി മരവിച്ചു എന്നാണതിന്റെ അർത്ഥം. ഇന്ന് വിശ്വാസികൾ തമ്മിലുള്ള സംഭാഷണങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ അവ ഏറിയകൂറും ഭവനം, വസ്ത്രം, ഭക്ഷണം, വാഹനം, ബാങ്ക് നിക്ഷേപം എന്നിങ്ങനെയുള്ള ഭൗതിക ഘടകങ്ങൾ കേന്ദ്രീകരിച്ചായിരിക്കും.

ആർഭാടത്തിനോടുള്ള ആസക്തി ഇന്ന് വിശ്വാസികളുടെ ഇടയിൽ ഒരു തീരാവ്യാധിപോലെ പടർന്നിരിക്കുകയാണ്. സഭാശുശ്രൂഷകർ, സുവിശേഷകർ, വേദാദ്ധ്യാപകർ, സാധാരണ സഭാംഗങ്ങൾ എന്ന വ്യത്യാസമന്യേ ഏവരും ആഡംബരജീവിതം നയിക്കുവാൻ അമിതമായി ആഗ്രഹിക്കുന്നത് കാണാം. സമ്പത്ത് വർദ്ധിച്ചാൽ അതിൽ മനസ് വയ്ക്കരുതെന്ന സങ്കീർത്തനവചനം ഇന്നും ലോഭമായി ഉദ്ധരിക്കാറുണ്ടെങ്കിലും സമ്പത്ത് ആണ് ഇന്ന് വിശ്വാസികളുടെ ചിന്തകളേയും ക്രിയകളേയും ഭരിക്കുന്നത്. ഒപ്പം അസൂയയും തന്നെക്കാൾ അപരൻ ഉയരരുതെന്ന മനോഭാവവും കൂടെ ചേരുമ്പോൾ ആത്മീയത നിർവീര്യമായിത്തീരുന്നു. പിതാക്കന്മാർ കഷ്ടത അനുഭവിച്ചതുകൊണ്ട് ദൈവം അനന്തര തലമുറകളെ ഭൗതിക നന്മകൾ വാരിച്ചൊരിഞ്ഞ് അനുഗ്രഹിച്ചിരിക്കുകയാണെന്ന ചിന്താഗതി രൂഢമൂലമായതിന്റെ തുടർച്ചയായി വിദേശരാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യപ്പെട്ട സമൃദ്ധിയുടെ സുവിശേഷത്തിനും വേരോട്ടം ലഭിച്ചതോടെ ലാളിത്യം മുഖമുദ്രയായിരുന്ന വിശ്വാസജീവിതം നമ്മുടെ ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നുമെല്ലാം പടിയിറക്കപ്പെട്ടു. ഇത്തരം പഠിപ്പിക്കലുകൾ നിമിത്തം ഉണ്ടായ മൂല്യത്തകർച്ചയുടെ ആഘാതത്തിൽ നട്ടം തിരിയുന്ന അഭിനവ വിശ്വാസ സമൂഹം വേദപുസ്തകം സമ്പത്തിനെക്കുറിച്ച് നൽകുന്ന മുന്നറിയിപ്പുകൾക്കു ചെവി കൊടുക്കാൻ തയ്യാറാകുന്നില്ല.

ഒരു സമൂഹത്തിന് നേർദിശ കാണിച്ച് നയിക്കേണ്ട നേതാക്കന്മാർ ഇന്ന് സമൃദ്ധിയുടെ പ്രചാരവേലക്കാർ ആണ്. ലളിത ജീവിതം വിശ്വാസിക്ക് നിഷിദ്ധമാണെന്നുവരെ പഠിപ്പിക്കുവാൻ ഇവർക്കു യാതൊരു ഉളിപ്പുമില്ല. സുവിശേഷപ്രചരണത്തിന് ലക്ഷങ്ങളും കോടികളും മുടക്കിയുള്ള അടിസ്ഥാനസൗകര്യങ്ങളും സംവിധാനങ്ങളും അനിവാര്യമാണെന്ന് ഇവർ നിഷ്കർഷിക്കുന്നു. ഇന്ന് നിലവിലുള്ള എല്ലാ സാഹചര്യങ്ങളും അതിനൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വാർത്താവിനിമയ സംവിധാനങ്ങളും ദൃശ്യശ്രവ്യമാധ്യമങ്ങളും എല്ലാം സുവിശേഷത്തിന് ഉപകരിക്കുന്നതിൽ ദോഷം കണ്ടെത്തുകയല്ല; എന്നാൽ, ആധുനിക സംവിധാനങ്ങൾക്ക് അനുരൂപമായി സുവിശേഷത്തെ പരുവപ്പെടുത്തി ലോകത്തിന്റെ കീഴ്വഴക്കങ്ങളുമായി സന്ധിചെയ്യുന്നത് അക്ഷന്തവ്യമായ അപരാധം തന്നെയാണ്. കുത്തക കമ്പനികൾപോലെ സുവിശേഷ പ്രചാരണ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതും ആശാസ്യമല്ല എന്നും പറഞ്ഞുകൊള്ളട്ടെ. എല്ലാ സൗകര്യങ്ങളോടും കൂടിയ ഇടങ്ങൾ നമുക്ക് ആവശ്യം തന്നെ; പക്ഷേ, അവ പൊതുനന്മയ്ക്കും സഭയുടെ മുന്നേറ്റത്തിനുമാണ് ഉതകേണ്ടത്. അത്തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുര സേവന കേന്ദ്രങ്ങൾ, എല്ലാം വർദ്ധിക്കുക കാലഘട്ടത്തിന്റെ ആവശ്യം തന്നെയാണ്.

എന്നാൽ, സ്വകാര്യജീവിതത്തിൽ ഭൗതിക സുഖങ്ങളുടെ ആലസ്യം നുകരുവാനായി നാം കാട്ടിക്കൂട്ടുന്ന വിക്രിയകൾ തികച്ചും അപലപനീയമായവയാണ്. ഉയരത്തിലുള്ളത് സത്യസന്ധമായി അന്വേഷിക്കാത്തതിന്റെ പരിണതഫലമായാണ് ആത്മീയ മുരടിപ്പ്. യേശുക്രിസ്തു പറഞ്ഞു, "നിങ്ങൾക്കുള്ളതു വിറ്റു ഭിക്ഷ കൊടുപ്പിൻ; കള്ളൻ അടുക്കയോ പുഴു കെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത മടിശ്ശീലകളും തീർന്നുപോകാത്ത നിക്ഷേപവും നിങ്ങൾക്കു ഉണ്ടാക്കികൊൾവിൻ. നിങ്ങളുടെ നിക്ഷേപം ഉള്ളേടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും". നിക്ഷേപങ്ങൾ ഭൂമിയിൽ തന്നെ നടത്തുന്നതുകൊണ്ട് ഹൃദയവും ഇവിടെത്തന്നെ കുടുങ്ങിയിരിക്കുന്നു. യേശുക്രിസ്തു പ്രവചിച്ച അന്ത്യകാലത്തിന്റെ ലക്ഷണങ്ങളുമായി ഈ കാലഘട്ടത്തിനുള്ള സാമ്യം വലുതാണ്. നോഹയുടെ കാലത്തു സംഭവിച്ചതുപോലെ നോഹ പെട്ടകത്തിൽ കടന്ന നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നപോലെയും ലോത്തിന്റെ കാലത്തു സംഭവിച്ചതുപോലെ അവർ തിന്നും കുടിച്ചുംകൊണ്ടും വിറ്റും നട്ടും പണിതും പോന്നപോലെയും ആണ് ഇക്കാലം. എല്ലാവരും സ്ഥലം വിൽക്കുക വാങ്ങുക, കെട്ടിടം പണിയുക എന്നിത്യാദി കാര്യങ്ങളിൽ മുഴുകി ഭൗതികതയുടെ മടിത്തട്ടിൽ തന്നെ കിടക്കുന്നു.

കർത്താവിന്റെ വരവ് സമാഗതമായി എന്നു വിളിച്ചു പറയുന്നവർ അവനെ എതിരേൽക്കാൻ ഒരുങ്ങണം. പൗലൊസ് ശ്ലീഹായുടെ ഉദ്ബോധനം ഓർത്തിരിക്കുക: "എന്നാൽ, സഹോദരന്മാരേ, ഇതൊന്നു ഞാൻ പറയുന്നു: കാലം ചുരുങ്ങിയിരിക്കുന്നു; ഇനി ഭാര്യമാരുള്ളവർ ഇല്ലാത്തവരെപ്പോലെയും കരയുന്നവർ കരയാത്തവരെപ്പോലെയും സന്തോഷിക്കുന്നവർ സന്തോഷിക്കാത്തവരെപ്പോലെയും വിലെയ്ക്കു വാങ്ങുന്നവർ കൈവശമാക്കാത്തവരെപ്പോലെയും ലോകത്തെ അനുഭവിക്കുന്നവർ അതിനെ അനുഭവിക്കാത്തവരെപ്പോലെയും ആയിരിക്കണം. ഈ ലോകത്തിന്റെ രൂപം ഒഴിഞ്ഞു പോകുന്നുവല്ലോ" (1കൊരിന്ത്യർ 7:29-31).

ഒഴിഞ്ഞുപോകുന്ന ലോകത്തെ അനുഭവിക്കുന്നത് മുൻഗണനയാക്കാതെ സ്വർഗ്ഗരാജ്യത്തിന്റെ രൂപം മനസിൽ ധ്യാനിച്ചു നടക്കുന്നവർക്കേ കർത്താവിന്റെ ആസന്നമായ വരവിനെക്കുറിച്ച് പറയുവാൻ യോഗ്യതയുള്ളു.

*-പാസ്റ്റർ എം. സാമുവൽകുട്ടി*

# ശിഷ്യത്വത്തിന്റെ മാറ്ററിയാത്ത...

*(നാലാം പേജിൽ നിന്നു തുടർച്ച...)*

സംഗിക്കുന്നവർ ഇല്ല എന്നു പറയുന്നില്ല പക്ഷേ വിരളമാണ്. യേശുവിന്റെ നാമത്തിൽ എന്തൊക്കെയോ പറയുന്നതോടൊപ്പം അനുഗ്രഹത്തെക്കൊണ്ടു നിറഞ്ഞിരിക്കുകയാണ് വേദികൾ. ഒരു കൂട്ടം ആളുകൾ അനുഗ്രഹത്തിന്റെയും അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും പിന്നാലെ പായുന്നു. അനുഗ്രഹം പ്രസംഗിക്കുവാനും, അത്ഭുതങ്ങളും, അടയാളങ്ങളും കാണിക്കാനും യോഗം നടത്തിപ്പുകാരും വെമ്പൽകൊള്ളുന്നു. ഇതൊക്കെ ചെയ്യുന്നവരെ വിളിച്ച് പ്രസംഗിപ്പിക്കുകയും ചെയ്യുന്നു. ഇതൊക്കെ ആവശ്യമാണ് പക്ഷെ അത്ഭുതം ചെയ്യാൻ പോകുമ്പോൾ സുവിശേഷം പങ്കിടണം എന്നല്ലല്ലോ മറിച്ച് സുവിശേഷം പങ്കിടുവാൻ പോകുമ്പോൾ അത്ഭുതങ്ങൾ ചെയ്യൂ എന്നല്ലേ യേശുവിന്റെ വാക്കുകളുടെ ധ്വനി. അതല്ലേ ഒരു ശിഷ്യൻ ചെയ്യേണ്ടത്. സ്വാർത്ഥ ലാഭത്തിനുവേണ്ടി അറിഞ്ഞോ അറിയാതെയോ യാഥാർത്ഥ്യത്തെ വളച്ചൊടിക്കുന്നു. ആവശ്യമായവ ചെയ്യേണ്ടതിനുപകരം എന്തൊക്കെയോ ചെയ്യുന്നു.

സ്വന്തം മക്കളുടെ നല്ല ഭാവിക്കുവേണ്ടി, ബിസിനസിന്റെ വിജയത്തിനുവേണ്ടി, നല്ല വീടിനുവേണ്ടി, കടഭാരം മാറുവാൻ ഒക്കെ കരഞ്ഞു പ്രാർത്ഥിക്കുന്നവരാണ് നാം. പക്ഷേ, കേവലം ഇന്ത്യയിൽപോലും കോടിക്കണെക്കിനാളുകൾ സുവിശേഷം അറിയാതെ നശിക്കുന്നല്ലോ എന്നോർത്ത് കണ്ണുനിറയുന്നവർ എത്ര പേരുണ്ട്? എന്താണ് ശിഷ്യത്വത്തിനു നാം കൊടുക്കുന്ന വില? കർത്തവ്യം നിർവഹിച്ചിട്ട് ഞാൻ യേശുവിന്റെ ശിഷ്യൻ എന്നഭിമാനിക്കാൻ കഴിയുന്നവർ എത്ര പേർ ഉണ്ട്? വേദികളിൽ പ്രസംഗിക്കുവാൻ ശിഷ്യന്മാർ ഒരുപാടുണ്ട്. എന്നാൽ, പാവപ്പെട്ടവന്റെ കുടിലുകളിലും ധനവാന്റെ കൊട്ടാരങ്ങളിലും കയറിയിറങ്ങി വ്യക്തിപരമായി സുവിശേഷം അറിയിക്കുവാൻ ആരുണ്ട്? തുടക്കങ്ങളിൽ അതു ചെയ്തിരുന്നവർ പോലും അല്പം വളർന്നു കഴിയുമ്പോൾ കുറച്ചുപേർ കൂടെ നിൽക്കുവാൻ ഉണ്ടായിക്കഴിഞ്ഞാൽ പിന്നെ പ്രസ്ഥാനത്തിലേയ്ക്കായി ശ്രദ്ധ. എങ്ങനെയോ ലക്ഷ്യം മാറുന്നു. ശിഷ്യൻ ഗുരുവിനോളം ആകുന്നത് നല്ലത്. എന്നാൽ, ശിഷ്യന്റെ ദൗത്യം മറക്കരുത്. കാലത്തിന്റെ ഗതിയനുസരിച്ച് മാറുന്നതല്ല സുവിശേഷ ദൗത്യവും ബൈബിൾ പ്രമാണങ്ങളും. ദുഷ്ടൻ തന്റെ ദുഷ്ടതയിൽ മരിക്കും അവന്റെ രക്തമോ ഞാൻ നിന്നോട് ചോദിക്കും എന്ന ദൈവത്തിന്റെ വാക്കുകൾ ഇപ്രകാരം ലക്ഷ്യം തെറ്റുമ്പോൾ നാം ഓർക്കുക. ലോകം അതിന്റെ അന്ത്യത്തിലേക്കു ബദ്ധപ്പെടുമ്പോൾ നമ്മിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം കൃത്യതയോടെ നിർവ്വഹിക്കുവാൻ നമുക്കൊരുങ്ങാം. സുവിശേഷം പങ്കിടുവാനുള്ള വലിയ ദാഹം നമ്മിലുണ്ടാവട്ടെ അതില്ലായെങ്കിൽ നാം ശിഷ്യരല്ല എന്നു സ്പഷ്ടം. കൊയ്ത്തു വളരെ ഉണ്ട് സത്യം വേലക്കാരോ ചുരുക്കം എന്ന് യേശു പറഞ്ഞു. ഈ ചുരുക്കം വേലക്കാർക്ക് മാന്ദ്യം സംഭവിച്ചാൽ എന്തായിരിക്കും അവസ്ഥ? നമുക്കുണരാം, ഒരുങ്ങാം, ഭാരതം യേശുവിന്റേതായി മാറട്ടേ...!

# തികവുള്ള ഗ്രന്ഥം

"യഹോവയുടെ ന്യായപ്രമാണം തികവുള്ളത്. അത് പ്രാണനെ തണുപ്പിക്കുന്നു" (സങ്കീ. 19:7).

ഒരു വർഷം മുപ്പതിനായിരത്തിലേറെ പുതിയ പുസ്തകങ്ങൾ ലോകമെമ്പാടും പുറത്തിറങ്ങുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇവയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് വിശുദ്ധ ബൈബിളും അതിനോടു ബന്ധപ്പെട്ട മറ്റു ഗ്രന്ഥങ്ങളുമത്രെ.

ഈ പൗരാണികഗ്രന്ഥത്തിന്റെ ശ്രേഷ്ഠത വാക്കുകളിൽ വിവരിക്കാനാവില്ല. മാനുഷിക ഭാഷകളിൽ എഴുതപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ വചനം ശക്തിമാനായ ദൈവത്തെയും അവനു ലോകത്തെക്കുറിച്ചുള്ള ഉദ്ദേശ്യങ്ങളെയും കുറിച്ച് വിളംബരം ചെയ്യുന്നു. മനുഷ്യന്റെ പ്രാകൃതികാവസ്ഥയും ദൈവസ്വരൂപത്തിലേക്കു മടങ്ങി വന്നാലുള്ള അനുഗ്രഹങ്ങളും അതു ചൂണ്ടിക്കാട്ടുന്നു.

ഹർവാർഡ് സർവകലാശാലയിലെ പ്രൊഫസറായിരുന്ന റോബർട്ട് കോൾ മറ്റനേകം ഉദ്യോഗാർത്ഥികൾക്കൊപ്പം ഒരു ഇന്റർവ്യൂവിൽ പങ്കെടുക്കുകയായിരുന്നു. മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള ഗവേഷണത്തിൽ നിന്നും എന്തു പഠിച്ചുവെന്നു അദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എബ്രായ പ്രവാചകന്മാർ മനുഷ്യപ്രകൃതിയെപ്പറ്റി ബൈബിളിൽ പ്രസ്താവിച്ചിട്ടുള്ളതിനേക്കാൾ അധികമായി ഒന്നും തന്നെ പുതുതായി കണ്ടുപിടിക്കുവാൻ എനിക്കു സാധിച്ചില്ല. യേശു പറഞ്ഞിട്ടുള്ള കാര്യങ്ങൾ എല്ലാം സത്യമായി എനിക്കനുഭവപ്പെട്ടു.

മറ്റുള്ളവരുടെ രചനകളും എഴുത്തുകുത്തുകളും നമ്മുടെ അനുഭവങ്ങളും എന്തുകൊണ്ടാണ് നമുക്കാവുന്ന തരത്തിൽ നാം പെരുമാറുന്നത് എന്നുള്ളതിനെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്നു. എന്നാൽ, പാപഹൃദയമാണ് ആത്മാവിന്റെ ഗുരുതരമായ പ്രശ്നമെന്നും യേശുവിൽ ആശ്രയിക്കുന്നതോടുകൂടി മാത്രമേ അതിൽ നിന്നും മോചനമുണ്ടാവുകയുള്ളുവെന്നും യേശുവിനെ കർത്താവും രക്ഷകനുമായി സ്വീകരിച്ചാൽ മാത്രമേ ഏതൊരു വ്യക്തിക്കും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ കഴിയുകയുള്ളുവെന്നും വി. ബൈബിൾ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു. അതെ, ബൈബിൾ എക്കാലവും കാലികപ്രസക്തി നിലനിർത്തുന്ന ദൈവത്തിന്റെ ഗ്രന്ഥമാണ്. ഈ പുണ്യപുരാണ ഗ്രന്ഥത്തോടുള്ള നമ്മുടെ സ്നേഹം ഓരോ ദിവസവും വർദ്ധിച്ചു വരുന്നുണ്ടോ? ദാവീദിനെപ്പോലെ നമുക്കും പറയാൻ കഴിയുമോ, 'യഹോവയുടെ ന്യായപ്രമാണം തികവുള്ളത്. അതു പ്രാണനെ തണുപ്പിക്കുന്നു' എന്ന്.

***കടപ്പാട് : സങ്കീർത്തന ധ്യാന ചിന്തകൾ***


## എഡിറ്റോറിയൽ ബോർഡ്

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
**തോമസ് ഡാനിയേൽ, പാസ്റ്റർ ബിജു ബഞ്ചമിൻ, ജോൺ ടി. വർഗ്ഗീസ്, ഷിബു തമ്പി**

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
**ചെറിയാൻ ഡാനിയേൽ**

**ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി**

# സഭാസ്ഥാപനമോ സമൂഹിക വികസനമോ?

## (ഒരു മിഷനറിയുടെ മുൻഗണനയെക്കുറിച്ച് ഒരു ചോദ്യം)



**ജേക്കബ് വർഗീസ്**
ഡെറാഡൂൺ

ജനങ്ങളുടെ ആത്മിക ആവശ്യങ്ങൾ നിറവേറ്റുക എന്ന ലക്ഷ്യവുമായി സുവിശേഷ വയലുകളിലേക്ക് പോകുന്ന എല്ലാ മിഷനറിമാരും ജനങ്ങളുടെ ഭൗതിക ആവശ്യത്തിന് നേരെ തങ്ങൾക്ക് കണ്ണടയ്ക്കാൻ കഴിയുകയില്ല എന്ന യാഥാർത്ഥ്യം പെട്ടെന്ന് തന്നെ തിരിച്ചറിയുന്നു. അവർ നോക്കുന്നിടത്തെല്ലാം ആവശ്യഭാരത്താൽ ഞരങ്ങുന്ന ജനങ്ങളെയാണ് കാണുന്നത്. ദാരിദ്ര്യത്തോട് മല്ലടിക്കുന്ന ഈ ഹതഭാഗ്യർക്ക് സഹായം നിരാകരിക്കുന്നത് ഒരു മിഷനറിയെ സംബന്ധിച്ച് അസാദ്ധ്യമാണ്. കർത്താവിന്റെ ജീവിതവും പഠിപ്പിക്കലുകളും തിരുവെഴുത്തും സൽപ്രവൃത്തികൾ ചെയ്യുവാനാണല്ലോ അവരെ ആഹ്വാനം ചെയ്യുന്നതും. നല്ല പ്രവൃത്തികൾ ചെയ്യുക (മത്തായി 5:16), സൽപ്രവൃത്തികളിൽ സമ്പന്നരാകുക (1തിമൊഥെയൊസ് 6:18), നന്മ ചെയ്യുവാനും കൂട്ടായ്മ കാണിപ്പാനും മറക്കാതിരിക്കുക (എബ്രായർ 13:16) എന്നിവയെല്ലാം നമ്മോടുള്ള കല്പനകൾ തന്നെ. അതുകൊണ്ട്, നമ്മുടെ മിഷനറിമാർ സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, കൃഷി എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഏർപ്പെടുന്നു. ഈ വക പ്രവൃത്തികൾ ചെയ്യണമോ വേണ്ടയോ എന്ന ചോദ്യമല്ല ഇവിടെ ഉന്നയിക്കുന്നത്; മറിച്ച് ജനങ്ങളുടെ ശാരീരിക ആവശ്യങ്ങളും ആത്മിക ആവശ്യങ്ങളും എങ്ങനെ സന്തുലിതമാക്കാം എന്നതാണ്. ആത്മിക പ്രവർത്തനങ്ങൾക്ക് ക്ഷീണം തട്ടത്തക്ക രീതിയിൽ സാമൂഹിക വികസന പദ്ധതികൾ വിപുലമാകുന്നുവെങ്കിൽ സ്വാഭാവികമായും സഭയുടെ വളർച്ചയെ അത് വിപരീതമായി ബാധിക്കും. അതുകൊണ്ട്, സാമൂഹികവികസന പദ്ധതികൾ അതീവ ജാഗ്രതയോട് വേണം നടപ്പിലാക്കേണ്ടത്. ഈ പദ്ധതികൾ തുടങ്ങുന്നതിൽ തന്നെ വിവേചന ബുദ്ധി ആവശ്യമാണ്. അല്ലാത്ത പക്ഷം ഒരു സ്ഥലംസഭയുടെ വളർച്ചയ്ക്ക് അത് തീർച്ചയായും ദോഷമായി ഭവിക്കും.

1989ൽ ആണ് സാമൂഹിക വികസന പദ്ധതിയിൽ ഞാൻ ഏർപ്പെട്ടുതുടങ്ങിയത്. ആസൂത്രണങ്ങൾ വേഗത്തിൽ പ്രാവർത്തികമാക്കിയതിന്റെ ഫലമായി ജനങ്ങൾ അവയെ ആവേശത്തോടെ വരവേറ്റു, പദ്ധതി വൻവിജയമായി. എന്നാൽ, പദ്ധതിയുടെ വിജയം സഭയുടെ വിജയമായി പരിണമിച്ചില്ല. ഞാൻ കരുതുന്നു, പദ്ധതി മുന്നേറിക്കഴിഞ്ഞും ആളുകൾ ക്രിസ്തുവിൽ വിശ്വസിക്കുന്നത് തുടർന്നു; പക്ഷേ, പദ്ധതിയുടെ പ്രാരംഭനാളുകളിൽ ഉണ്ടായിരുന്ന വിശ്വാസമല്ലായിരുന്നു അത്. എന്റെ അനുഭവത്തിൽ നിന്നും ഞാൻ എത്തിചേർന്ന നിഗമനമിതാണ്: മിഷനറിമാരോ സഭയോ നേരിട്ട് ഏറ്റെടുക്കുന്ന സാമൂഹിക വികസന പദ്ധതികൾ സഭയുടെ വളർ ച്ചയെ പ്രതികൂലമായി ബാധിക്കുന്നു. കാരണം, അവ (1) ജനങ്ങളുടെ ശ്രദ്ധയെ തിരിക്കുന്നു. (2) ഒരു തെറ്റായ മിഷനറി പ്രതിഛായ വളർത്തുന്നു. (3) മിഷനറിയുടെ മുൻഗണനകളിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നു.

**1. ശ്രദ്ധതിരിക്കൽ**

വിശക്കുന്ന വയറുമായി ഒരാൾക്ക് സുവിശേഷം ശ്രവിക്കാൻ സാദ്ധ്യമല്ല എന്നാണ് പൊതുവെ പറയപ്പെടുന്നത്. ഭൗതിക ആവശ്യങ്ങളാൽ നട്ടം തിരിയുന്നവരുടെ അടുത്തേക്ക് സുവിശേഷവുമായി മാത്രം ചെന്നാൽ അവർ ശ്രദ്ധിക്കില്ല എന്നാണിതിന്റെ വിവക്ഷ. എന്നാൽ, പല സന്ദർഭങ്ങളിലും ഇതിന്റെ നേർവിപരീതമാണ് ശരി എന്ന് ഞാൻ കരുതുന്നു. ആവശ്യങ്ങളുടെ ആധിക്യം കൊണ്ട് വീർപ്പ്മുട്ടുന്നവർക്ക് ഒരു പരമമായ ശക്തിയുടെ സഹായം തങ്ങൾക്ക് വേണമെന്ന ചിന്തയുണ്ട്. അതുകൊണ്ട് തന്നെ അവരുടെ ഇടയിൽ ആണ് സുവിശേഷം ഏറ്റവും കൂടുതൽ സ്വീകാര്യം ആകുന്നത്. നേരെ മറിച്ച് ഭൗതികമായി സംതൃപ്തരായവർ ആത്മിക ആവശ്യങ്ങളെക്കുറിച്ച് ബോധവാന്മാരേ അല്ല. ലോകം നൽകുന്ന സുഖസൗകര്യങ്ങളിൽ മുഴുകി ആർഭാടകരമായി ജീവിതം നയിക്കുന്നവർക്ക് ദൈവത്തെപ്പറ്റി ചിന്തിക്കുവാൻ സമയമില്ല. എന്നാൽ, പാവപ്പെട്ടവരുടെ ഇടയിൽ പ്രവർത്തിക്കുമ്പോൾ, നാം സാമൂഹിക വികസനത്തിന് കൂടുതൽ പ്രാധാന്യം കൽപ്പിച്ചാൽ ദൈവത്തെക്കുറിച്ച് അവരിലുള്ള താല്പര്യത്തെ കുറയ്ക്കുവാനും പകരം ഭൗതിക ആവശ്യങ്ങളുടെ പൂർത്തീകരണത്തിനുള്ള ആഗ്രഹം വളർത്തുവാനും ഇടയാകും.

> **ലേഖകന്റെ 'ഗുരോ, അങ്ങേയ്ക്ക് വിചാരമില്ലയോ?' എന്ന പുസ്തകത്തിൽ നിന്നും എടുത്തത്. ആത്മിക ശുശ്രൂഷകളും സാമൂഹിക സേവനങ്ങളും എങ്ങനെ സന്തുലിതമാക്കാം എന്ന് ആരായുകയാണിവിടെ.**

ഞാൻ പ്രവർത്തിച്ചിരുന്ന ജനസമൂഹങ്ങളിൽ ഒന്നിൽ സുവിശേഷത്തിന് വലിയ സ്വീകാര്യത ഉണ്ടായിരുന്നു. ആദ്യനാളുകളിൽ ആത്മിക ആവശ്യങ്ങളിൽ ആയിരുന്നു അവരുടെ ശ്രദ്ധകേന്ദ്രീകരിച്ചിരുന്നത്. പെട്ടന്ന് ഒരുനാൾ സാമൂഹിക വികസനത്തിന് ഊന്നൽ കൊടുത്തുകൊണ്ട് സഭ ഒരു പദ്ധതിക്ക് തുടക്കം കുറിച്ചു. സാമൂഹിക വികസനം അതിൽ തന്നെ ദോഷകരമല്ല; എന്നാൽ, ഞങ്ങളുടെ കാര്യത്തിൽ അത് സമയോചിതമല്ലായിരുന്നു. അറിയാതെ, ഞങ്ങൾ ജനങ്ങളുടെ ശ്രദ്ധ അവരുടെ ഭൗതിക ആവശ്യങ്ങളിലേക്ക് തിരിച്ചു. ഞങ്ങളുടെ ഭാഗ്യത്തിന് ഈ പദ്ധതി ഘട്ടം ഘട്ടമായി ഉപേക്ഷിച്ചതിനെ തുടർന്ന് സഭാവളർച്ചയ്ക്ക് അല്പം വേഗത കൈവരിക്കുവാൻ ഞങ്ങൾക്കായി. ഒരു സാമൂഹിക വികസന പദ്ധതി നിലവിലുണ്ടെങ്കിൽ ജനശ്രദ്ധ ആത്മിക വിഷയങ്ങളിൽ നിന്നും ഭൗതിക വിഷയങ്ങളിലേക്ക് മാറാതിരിക്കാൻ, വലിയൊരു ആത്മീയ താല്പര്യം ജനങ്ങളിൽ വളർത്തിയെടുക്കണം. സമൂഹത്തിലെ അംഗങ്ങൾ ആത്മീയ സംഗതികളിൽ തന്നെ ശ്രദ്ധനിലനിർത്തേണ്ടതിന് നാം അനുയോജ്യമായി പ്രവർത്തിക്കണം. എങ്ങനെ പ്രവർത്തിച്ചാലും ആത്മീയത സാമൂഹിക വികസന പദ്ധതികളെ വലയം ചെയ്യണം. ആത്മീയ വിഷയങ്ങൾക്കുള്ള പ്രസക്തിക്ക് ഒരു കാരണവശാലും മങ്ങലേൽക്കരുത്.

*(തുടരും...)*

## നിത്യതയിൽ

**ഡൽഹി:** എബനേസർ ബൈബിൾ ഫെലോഷിപ്പ് ചർച്ചിന്റെ (ആയാനഗർ) ശുശ്രൂഷകനായിരുന്ന പാസ്റ്റർ ജോസഫ് തോമസ് (44) ഫെബ്രുവരി 1-ാം തീയതി നിത്യതയിൽ പ്രവേശിച്ചു. ഒരുവർഷമായി ശ്വാസകോശ സംബന്ധമായ അസുഖത്താൽ ഭാരപ്പെടുകയായിരുന്നു. സംസ്ക്കാരശുശ്രൂഷ തുഗ്ലക്കബാദ് ക്രിസ്ത്യൻ സെമിത്തേരിയിൽ ഫെബ്രുവരി 3-ാം തീയതി ചർച്ച് ഓഫ് ഗോഡ് ഓവർസിയർ റവ. ജോസഫ് മാത്യുവിന്റെ കാർമ്മികത്വത്തിൽ നടന്നു. ഭാര്യ: ഷേർലി. മക്കൾ: അക്സല (17) ആഗ്നസ് (9).

## മാധ്യമ രംഗത്തെ അധാർമികത പുതിയ തരംഗമോ?

*(ഒന്നാം പേജിൽ നിന്നു തുടർച്ച...)*

കാനും മടിക്കാത്ത ചരിത്രമുണ്ട് പല പത്രങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും.

വാർത്തയെ വളച്ചൊടിക്കുകയും വസ്തുതകളെ പെരുപ്പിച്ചു കാട്ടുകയും ചെയ്യുക പണ്ടുമുതലുള്ള പതിവുകളാണ്. അപ്പോൾത്തന്നെ മൂല്യങ്ങളുള്ള വാർത്തകൾ കൊടുക്കാതിരിക്കുകയോ പാർശ്വവൽക്കരിക്കുകയോ ചെയ്യുകയും പതിവാണ്. സംഭ്രമജനകവും ഇക്കിളിപ്പെടുത്തുന്നവയും ആയ വാർത്തകൾ പ്രചാരവർദ്ധനയ്ക്കായി പ്രസിദ്ധീകരിക്കുക പഴയ ഒരു പരിപാടിയാണ്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തൊട്ട് ഉയരുന്ന ഒരു ആരോപണമാണ് പെയ്ഡ് ന്യൂസ്. അതായത് പണ്ട് പ്രാദേശിക ലേഖകന് മദ്യക്കുപ്പിയോ മറ്റ് സമ്മാനങ്ങളോ നൽകി വാർത്ത വരുത്തിയിരുന്നത് ഇപ്പോൾ ഔദ്യോഗികമായി മാധ്യമ നടത്തിപ്പുകാർക്ക് നൽകി വാർത്ത വരുത്തുക. രാഷ്ട്രീയ നേതാക്കന്മാരും വ്യവസായികളും ആണ് ഇങ്ങനെ പത്രമാധ്യമങ്ങളെ പ്രലോഭിപ്പിക്കുന്നതിൽ മുൻപന്തിയിൽ. പരസ്യ ഫീച്ചർ ആയിവരുന്ന അഡ്വെർട്ടോറിയലിനു പുറമേയാണിത്. പല പത്രങ്ങളും പത്രാധിപന്മാർ പറയുന്നത് കേൾക്കാതെ പരസ്യത്തിന്റെ ചുമതലക്കാർ പറയുന്നത് കേട്ട് നയം രൂപീകരിക്കുന്നു എന്ന ആക്ഷേപവും ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ കേട്ടുതുടങ്ങിയതാണ്.

വീർ സാംഘ്വിയും ബർഖാദത്തും പറയുന്നത് അവർ റാഡിയയെ ഒരു സോഴ്സ് (ഉറവിടം) ആയി കണ്ട് അവരിൽ നിന്നും കൂടുതൽ വിവരങ്ങൾ ചോർത്താൻ ആണ് അവരോട് സഹകരിച്ചതായി നടിക്കുക മാത്രമായിരുന്നു എന്നാണ് പറഞ്ഞത്. അവർ യാതൊരു വിധത്തിലും എന്തെങ്കിലും പ്രത്യുപകാരം സ്വീകരിച്ചിട്ടില്ലെന്നും യഥാർത്ഥത്തിൽ റാഡിയയെ സഹായിച്ചിട്ടില്ലെന്നും ഉറപ്പിച്ചു പറയുന്നു. പക്ഷേ, മാധ്യമ പ്രവർത്തകരിൽ തന്നെ ചുരുക്കം ചിലരേ അവരെ പിന്തുണച്ചുകൊണ്ട് എഴുതുകയും സംസാരിക്കുകയും ചെയ്യുന്നുള്ളു. ഭൂരിഭാഗവും അവർ പറയുന്നത് വിശ്വസിക്കുന്നില്ല.

മാധ്യമ രംഗത്തെ മൂല്യച്യുതിയെക്കുറിച്ച് ഗഹനമായ ചർച്ചകൾ നടക്കുമ്പോൾ ക്രൈസ്തവ മണ്ഡലത്തിലെ പത്രങ്ങളെക്കുറിച്ച് ഒന്നു പരിശോധിക്കുന്നത് സന്ദർഭോചിതമായിരിക്കും. ചില പ്രസിദ്ധീകരണങ്ങളെങ്കിലും അവയുടെ പ്രഖ്യാപിത ലക്ഷ്യം ധനസമ്പാദനം ആണ് എന്ന മട്ടിലാണ് പോകുന്നത്. വ്യക്തികളെ അപവാദങ്ങളിൽ കുടുക്കി തേജോവധം ചെയ്യുക, വ്യാജവാർത്തകൾ നൽകുക എന്നിങ്ങനെയുള്ള ദുഷ്പ്രവണതകൾ നിലനിൽക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ ആരംഭിച്ച ചില പ്രസിദ്ധീകരണങ്ങളുടെ ഉദ്ദേശ്യശുദ്ധി ആരംഭത്തിൽ തന്നെ സംശയം തോന്നിപ്പിച്ചിരുന്നു. പണവും പ്രതാപവുമുള്ള ശുശ്രൂഷകർ, വിശ്വാസികൾ എന്നിവരെക്കുറിച്ച് വലിയ വാർത്തകൾ കൊടുക്കുമ്പോൾ കഷ്ടപ്പെട്ട് സുവിശേഷവേല ചെയ്യുന്ന ദൈവദാസന്മാരെ വിസ്മരിച്ചു കളയുന്ന പതിവ് നമ്മുടെ മിക്ക പ്രസിദ്ധീകരണങ്ങൾക്കും ഉള്ളതാണ്. വ്യാജോപദേശങ്ങളേയും ആനാത്മിക പ്രവണതകളേയും പ്രോത്സാഹിപ്പിക്കുന്ന രീതിയും പിന്തുടർന്നു വരുന്നത് അഭികാമ്യമല്ല.

ക്രിസ്തുവിന്റെ പത്രമായ വിശ്വാസ സമൂഹത്തിനിടയിൽ പ്രചാരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ ആത്മീയതയുടെ ലേബൽ മാത്രമുള്ളവ ആയിരിക്കാതെ ക്രൈസ്തവ മൂല്യങ്ങളുടെ യഥാർത്ഥ പ്രചാരകർ ആയിരിക്കണം.

### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ, ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*

### വരിസംഖ്യ

**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |

## ആരാധന ഗാനം

**നിൻ കൃപ എത്ര മഹോന്നതം**
**വർണ്ണിപ്പാൻ എളുതല്ല**
**ആയിരം ആയിരം നാവുകളാൽ**
**വർണ്ണിപ്പാൻ അസാദ്ധ്യമേ**

നിൻ സ്നേഹം എത്ര അപാരം
ചിന്തിച്ചിടാൻ അസാദ്ധ്യം
ആഴം ഉയരം നീളവും
വീതിയും ആർക്കറിയാം

നിൻ രാജ്യം എത്ര മനോഹരം
തങ്കത്താൽ നിർമ്മിതം
ശുദ്ധ പളുങ്കിൻ നദി തീരവും
എത്ര മനോഹരമേ

നിൻ ശുദ്ധരിൻ കണ്ണുനീരെല്ലാം
തീർന്നിടും നാളേറ്റം ആസന്നം
ഹല്ലേലുയ്യാ ഗീതം പാടിടും
നാളെത്ര ആസന്നമേ

| | |
|---|---|
| ആൽബം | : സ്നേഹമാധുരി |
| രചന | : പാസ്റ്റർ എം. സാമുവൽകുട്ടി |
| സംഗീതം | : സുവി. സുനിൽ സോളമൻ |
| ആലാപനം | : കെസ്റ്റർ |

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.DL 07 / 0138 / 09 - 11
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

# ശിഷ്യത്വത്തിന്റെ മാറ്ററിയാത്ത ശിഷ്യന്മാർ



**ഇവാ. ബിജു കെ. തങ്കച്ചൻ**
**ഡൽഹി**

ഗുരു നിത്യ ചൈതന്യയതി ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "യഥാർത്ഥ കളിക്കളത്തിന്റെ ബൗണ്ടറിയിൽ ശിഷ്യൻ ഗുരുവിൽ നിന്ന് കൈവിടപ്പെടുകയാണ്. അവിടെ ഗുരുശിഷ്യബന്ധമില്ല, ഗുരുവിന്റെ സഹായമില്ല, മറ്റ് ആരുടെയും ആശ്രയമില്ലാതെ എല്ലാ പ്രതിസന്ധികളെയും ശിഷ്യൻ ഒറ്റക്ക്വേണം നേരിടാൻ. ആ കളിക്കളത്തിന് വെളിയിൽ ഗുരു ഒരു കാഴ്ചക്കാരൻ മാത്രമായി മാറുകയാണ്. ശിഷ്യൻ ഗുരുവിൽ നിന്ന് വേർപിരിയുമ്പോഴാണ് അവനിലെ യഥാർത്ഥ വിശ്വസ്തത പുറത്തു വരുന്നത്. ഗുരു കൂടെ ഉള്ളപ്പോൾ ഉണ്ടായിരുന്നതിനേക്കാൾ അധികം വിശ്വസ്തതയും ആത്മാർത്ഥതയും അപ്പോഴാണ് ഉണ്ടാകേണ്ടത് ".

യേശു പറഞ്ഞു: "ആകയാൽ നിങ്ങൾ പുറപ്പെട്ട്, സകലജാതികളെയും ശിഷ്യരാക്കുവിൻ" (മത്തായി 28:17-20). യേശു പിതാവിങ്കൽ നിന്ന് മാനവകുലത്തെ രക്ഷിക്കുക എന്ന ദൗത്യം ഏറ്റെടുത്തുകൊണ്ട് ലോകത്തിൽ വന്നു അത് ഭംഗിയായി നിവർത്തിച്ചശേഷം ഈ രക്ഷണ്യ സുവിശേഷം സകല ജാതികളെയും അറിയിക്കുക എന്ന ദൗത്യം തന്റെ ശിഷ്യന്മാരെ ഭരമേൽപ്പിച്ചിട്ട് സ്വർഗ്ഗാരോഹണം ചെയ്തു. ശിഷ്യന്മാർ ഈ ദൗത്യം ഏറ്റെടുത്തു. രാവും പകലും എന്നില്ല സ്വദേശം വിദേശം എന്നില്ല, സ്വന്തബന്ധമെന്നില്ല പ്രേഷിത പ്രവർത്തനം ഒന്നുമാത്രം മുമ്പിൽ കണ്ടുകൊണ്ട് എല്ലായിടങ്ങളിലും പോയി സകലരെയും ശിഷ്യരാക്കി വചനത്തിൽ ഉറപ്പിച്ചും, സ്നാനം കഴിപ്പിച്ചും, സഭകൾ സ്ഥാപിച്ചും പോന്നു. ലാഭമോ, പേരോ, പ്രശസ്തിയോ, സ്ഥാനമാനങ്ങളോ ഒന്നും ഒരു മാനദണ്ഡമാക്കാതെ സത്യസുവിശേഷം നിർമ്മലതയോടെ പ്രചരിപ്പിച്ചുപോന്നു. അതുകൊണ്ട് ദൈവവും സഭയെ അനുഗ്രഹിച്ചു. സുവിശേഷ വേലയിൽ വളരെ ചൂടും ചുറുചുറുക്കും ഒന്നാം നൂറ്റാണ്ടിലെ ജനസമൂഹം കാണിച്ചു. രണ്ടാം നൂറ്റാണ്ടായപ്പോഴേയ്ക്കും ആ ചൂട് അല്പം തണുത്തു. പിന്നീടുള്ള ഓരോ നൂറ്റാണ്ടിലും തണുപ്പ് കൂടിക്കൂടി 21-ാം നൂറ്റാണ്ടായപ്പോഴേയ്ക്കും ഏതാണ്ട് തണുത്തുറഞ്ഞ അവസ്ഥ ആയിരിക്കുകയാണെന്നു വേണമെങ്കിൽ പറയാം. പ്രസ്ഥാനങ്ങൾ സ്ഥാപിക്കുവാനും ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുവാനും മക്കളെ ഉന്നത നിലവാരത്തിൽ പഠിപ്പിക്കുവാനും ആഡംബരപൂർണ്ണമായ ജീവിതം നയിക്കുവാനും നെട്ടോട്ടമോടുന്നതിനിടയിൽ ഗുരു ഏല്പിച്ച ദൗത്യം മറന്നുപോയതുകൊണ്ടാകാം ഇന്നത്തെ ശിഷ്യന്മാർക്കും പ്രസ്ഥാനങ്ങൾക്കും സുവിശേഷം പറയുവാൻ സമയമില്ലാതായിരിക്കുന്നത്. ഇതൊന്നും വേണ്ട എന്നല്ല മറിച്ച് നമ്മുടെ വിളിയും തെരഞ്ഞെടുപ്പും മറക്കാതിരിക്കുക.

> "പ്രസ്ഥാനങ്ങൾ സ്ഥാപിക്കുവാനും ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുവാനും മക്കളെ ഉന്നത നിലവാരത്തിൽ പഠിപ്പിക്കുവാനും ആഡംബരപൂർണ്ണമായ ജീവിതം നയിക്കുവാനും നെട്ടോട്ടമോടുന്നതിനിടയിൽ ഗുരു ഏല്പിച്ച ദൗത്യം മറന്നു പോയതുകൊണ്ടാകാം ഇന്നത്തെ ശിഷ്യന്മാർക്ക് സുവിശേഷം പറയുവാൻ സമയമില്ലാതായിരിക്കുന്നത് "

യേശു ആരോടും ഒരു പ്രസ്ഥാനവും തുടങ്ങാൻ ആവശ്യപ്പെട്ടില്ല. തനിക്കു സ്വന്തമായി ഒരു രജിസ്ട്രേഡ് പ്രസ്ഥാനവും ഇല്ലായിരുന്നു. ഇന്ന് പ്രസ്ഥാനമുണ്ടെങ്കിലേ പ്രേഷിതവേല നടക്കൂ എന്ന സ്ഥിതിയിലെത്തി 21-ാം നൂറ്റാണ്ടിലെ പ്രേഷിത പ്രവർത്തനം. ലേഖകൻ പ്രസ്ഥാനങ്ങൾക്കെതിരല്ല. മോശെയെ ദൈവം ഏൽപ്പിച്ച പ്രസ്ഥാനത്തിൽ (യിസ്രായേൽ ജനം) അംഗങ്ങൾ ലക്ഷക്കണക്കിനായിരുന്നിട്ടും അവരെ നടത്തുവാൻ ദൈവം തനിക്കു ശക്തി നല്കി. എന്തുകൊണ്ടാണന്നല്ലേ? പ്രാർത്ഥിക്കുവാനും ദൈവത്തോടൊപ്പം ഇരിക്കുവാനും ഇത്ര ശ്രേഷ്ഠനായ നേതാവിന് സമയം ലഭിച്ചതുകൊണ്ടാണ്. നമ്മുടെ ചുറ്റുമുള്ള നേതാക്കന്മാരോടു ചോദിക്കൂ, അവർക്ക് പ്രാർത്ഥിക്കാനോ ദൈവത്തോടൊപ്പം ചിലവഴിക്കാനോ സമയമില്ല; തിരക്കിലാണത്രേ. അതുകൊണ്ട് നേതാവില്ലാത്ത പ്രസ്ഥാനങ്ങളാവുന്നു (Organisations without organiser) എന്നുപറഞ്ഞാൽ ദൈവത്തിനു സ്ഥാനമില്ലാത്ത പ്രസ്ഥാനങ്ങൾ. അപ്പോ. 6:7ൽ പത്രൊസ് പറയുന്നത് നിങ്ങൾ മേശമേൽ ശുശ്രൂഷിക്കുക ഞങ്ങളോ വചന ധ്യാനത്തിലും പ്രാർത്ഥനയിലും ഉറ്റിരിക്കും. അതാണ് പത്രൊസിന്റെ പ്രസംഗത്തിൽ ആയിരങ്ങൾ രക്ഷിക്കപ്പെടുവാനുള്ള കാരണം. ദൈവത്തോടുകൂടി സമയം ചിലവഴിക്കുമ്പോഴാണ് യഥാർത്ഥ ശിഷ്യത്വം വെളിപ്പെടുന്നത് അഥവാ മറ്റൊരു ശിഷ്യനെ ഉളവാക്കാൻ കഴിയുന്നത്. ഇന്നത്തെ കൺവൻഷൻ യോഗങ്ങളിൽ യേശുവിനെ പ്ര

(ശേഷം രണ്ടാം പേജിൽ)



## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ (ഐ.സി.എം.) പ്രവർത്തനങ്ങൾ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. പ്രസിദ്ധീകരണങ്ങൾ വിശ്വാസി (മാസിക), വിശ്വാസ ഗീതങ്ങൾ (പാട്ടുപുസ്തകം), വിശ്വാസ സംവാദങ്ങൾ, ഡയലോഗ്സ് ഇൻ ഫെയ്ത്ത് (ഇംഗ്ലീഷ്)
8. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**INDIAN CHRISTIAN MISSION**
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com,
Website: www.indianchristianmission.com


# കാലാതീതമായ കാൽവയ്പ്പുകൾ



**പാസ്റ്റർ ബിജു ബഞ്ചമിൻ**
**അടൂർ**

പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ധനികനായ ഒരു പ്രഭു ജീവിച്ചിരുന്നു. മറ്റുള്ള ആളുകളോട് അനുകമ്പയോ വിനയമോ ഇല്ലാത്ത ഒരാളായിരുന്നു താൻ. എന്നാൽ തന്റെ ഭാര്യ അങ്ങനെയല്ലായിരുന്നു. മറ്റുള്ളവരോട് അകമഴിഞ്ഞ അനുകമ്പയും ദയാവായ്പ്പും വിശാല മനസും ഉള്ള ഉത്തമ വനിതയായിരുന്നു അവൾ. ദീർഘകാലം രോഗത്താൽ ബാധിതയായി അവളുടെ ആരോഗ്യമെല്ലാം നഷ്ടപ്പെട്ടിരുന്നു. മരണക്കിടക്കയിൽ അവൾ ഭർത്താവിനെ അടുത്ത് വിളിച്ച് ഇങ്ങനെ പറഞ്ഞു, "ഇനിയെനിക്ക് അധികനാളുകളില്ല. എന്റെ മരണശേഷം എന്റെ സ്മരണയ്ക്കായി ദരിദ്രർക്ക് എല്ലാവർഷവും അങ്ങ് നന്മ ചെയ്യണം". ഇതുകേട്ട പ്രഭു അൽപ്പനേരത്തേക്ക് മൗനം അവലംബിച്ചു. അയാൾ പറഞ്ഞു, "ഞാൻ നിന്റെ വാക്ക് മാനിക്കുന്നു. നീ പറഞ്ഞതു പോലെ ഞാൻ ചെയ്യാം." ബംഗ്ലാവിന് പിന്നിലുള്ള ഒരു ഉണങ്ങിയ മരത്തിന് തീ കൊളുത്തിക്കൊണ്ട് അയാൾ തുടർന്നു, "ഈ മരം കത്തിയെരിഞ്ഞമരുന്നതിന് മുമ്പ് എത്രമാത്രം ഭൂമി നിനക്ക് വലം വെയ്ക്കുവാൻ കഴിയുമോ അത്രയും ഭൂമിയിലെ സകല ഉൽപ്പന്നങ്ങളും ഞാൻ ദരിദ്രർക്ക് ദാനം ചെയ്യാം".ഇത് കേട്ട ആ ധീരവനിത തന്റെ ശരീരത്തിന്റെ ദയനീയ സ്ഥിതി വകവയ്ക്കാതെ ഉള്ള ആരോഗ്യം ഉപയോഗിച്ച് ഇരുപത്തിമൂന്ന് ഏക്കർ ഭൂമി മരം കത്തിയെരിഞ്ഞമരുന്നതിന് മുമ്പ് വലം വച്ചു തിരികെയെത്തി. അവളുടെ അസാധാരണ പ്രവൃത്തിയിൽ അത്ഭുതം തോന്നിയ ആ പ്രഭു അവളുടെ മരണാനന്തരം തന്റെ വാക്ക് പാലിച്ചു. അവളുടെ മരണത്തിന് എണ്ണൂറ് വർഷങ്ങൾക്ക് ശേഷവും ഇംഗ്ലീഷ് വനിതകൾക്ക് ദരിദ്രരോടുള്ള അനുകമ്പയിൽ ഈ സംഭവം സ്വാധീനം ചെലുത്തുന്നു. ഹാംഷെയറിലെ ഗ്രാമങ്ങളിൽ ഇന്നുവരെയും എല്ലാവർഷവും മുതിർന്നവർക്ക് ആറ് പൗണ്ട് ധാന്യവും, കുട്ടികൾക്ക് മൂന്ന് പൗണ്ട് ധാന്യവും സൗജന്യമായികൊടുത്തുവരുന്നു. ഇങ്ങനെയുള്ള മനുഷ്യരുടെ ജീവിതത്തിൽക്കൂടി അനുകമ്പയും താഴ്മയും ഇന്നും ലോകത്തിൽ തുടർന്നുകൊണ്ടേയിരിക്കുന്നു.

അനുകമ്പയും താഴ്മയും പരസ്പര പൂരകങ്ങളാണ്. ഇവയുടെ സാദ്ധ്യതകൾ അതിവിശാലമാണ്. മനുഷ്യരിലെ മനുഷ്യത്വത്തെ നിലനിർത്തുന്നതും ഈ രണ്ട് ഘടകങ്ങളാണ്. ലോകത്തിൽ പിറന്ന മഹദ്വ്യക്തികളിൽ അധികംപേരിലും ഇത് പ്രകടമായിരുന്നു. കപടതകളുടെയും കച്ചവട സംസ്കാരത്തിന്റെയും ലോകത്തിൽ നാം ജീവിക്കുമ്പോൾ താഴ്മയും അനുകമ്പയും അന്യം വന്നുവോ എന്ന് നാം അറിയാതെ ചിന്തിച്ചുപോകുന്നു. ആതുരാലയങ്ങളിലും അഗതിപ്രസ്ഥാനങ്ങളിലും കൃതൃമമായ അനുകമ്പയും താഴ്മയുമാണ് അവതരിക്കപ്പെടുന്നത് എന്ന് കാണുമ്പോൾ ഇവയുടെ പ്രായോഗികമായ അർത്ഥതലങ്ങൾ ആത്മാർത്ഥതയോടെ തിരയുവാൻ നമുക്ക് പ്രേരണയുണ്ടാകുന്നു. എന്താണ് താഴ്മ? എന്താണ് അനുകമ്പ? മുകളിലുദ്ധരിച്ച സ്തീയുടെ ചരിത്രം ഈ ചോദ്യങ്ങളിലേക്ക് അൽപ്പമെങ്കിലും വെളിച്ചം പകരും.

1. അനുകമ്പയും താഴ്മയും നമ്മിൽ ഉളവാകുന്നത് തന്നെ വലിയ കാര്യമാണ്. പലമനുഷ്യരും വലിയവരാകുകാൻ വേണ്ടി താഴ്മയും അനുകമ്പയും അനുവർത്തിക്കുന്നു. മറ്റുള്ളവരുടെ നന്മയും നേട്ടവുമല്ല അവരുടെ ലക്ഷ്യം, മറിച്ച് അതിന്റെ പിന്നിൽ തങ്ങൾ വലിയവരാകുകയെന്നതാണ്. നമ്മളിലുള്ള സ്വഭാവികവും നിഷ്കളങ്കവുമായ താഴ്മയും അനുകമ്പയുമാണ് യഥാർത്തമായി ഫലം ചെയ്യുന്നതും കാലാതീതമായി നിലനിൽക്കുന്നതും.

2.നമ്മുടെ താഴ്മയിലും അനുകമ്പയിലും ഒരു അർത്ഥമുണ്ടായിരിക്കേണം. നാം ചെയ്യുന്ന ഏതൊരു പ്രവൃത്തിയും അർത്ഥമുള്ളതായിരിക്കണം. അർത്ഥമില്ലാത്ത അനുകമ്പയും താഴ്മയും പ്രയോജനശൂന്യമാണ്. നമ്മുടെ രാഷ്ടപിതാവായ മഹാത്മ ഗാന്ധി സാധാരണക്കാരനോടൊപ്പം മൂന്നാം ക്ലാസ്സ് കംമ്പാർട്ടുമെന്റുകളിൽ യാത്രചെയ്തു. ആംഗലേയ വസ്ത്രങ്ങൾ ധരിക്കാതെ ഭാരതീയ വേഷം ധരിച്ചു. ഈ പ്രവർത്തനങ്ങൾ അദ്ദേഹം നയിച്ച ഭാരത സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് അർത്ഥവത്തായി ഭവിച്ചു.

3. താഴ്മയിലും അനുകമ്പയിലും കൂടി വളർച്ചയും വികസനവും സാദ്ധ്യമാകണം. നമ്മുടെ താഴ്മയും അനുകമ്പയും ഒരു സമൂഹത്തിന്റെ വളർച്ചയ്ക്ക് മുതൽക്കൂട്ടാവണം. ഗ്രഹാം സ്റ്റെയിൻസും കുടുംബവും താഴ്മയുടെ പ്രതീകങ്ങളായി ഭാരതത്തിലേക്ക് വന്നപ്പോൾ അവരിലൂടെ അവഗണിക്കപ്പെട്ട ഒരു സമൂഹം ഉദ്ധരിക്കപ്പെടുവാനിടയായി.

4. താഴ്മയും വിനയവും പരസ്പരബന്ധത്തിലൂടെയാണ് അനുഭവവേദ്യമാകുന്നത്. താഴ്മയുള്ളവരായിരിക്കുകയും സമൂഹവുമായി ബന്ധമില്ലാത്തവരായി തുടരുകയും ചെയ്യുവാൻ നമുക്ക് കഴിയുകയില്ല. നമ്മുടെ താഴ്മയും വിനയവും വെളിപ്പെടേണ്ടത് സമൂഹത്തിലാണ്. ജാതി, മത, വർണ്ണ, വ്യത്യാസം കൂടാതെ നാം സമൂഹത്തിന്റെ പുരോഗമന പ്രവർത്തനങ്ങളിൽ മുഴുകുമ്പോഴാണ് നമ്മുടെ താഴ്മയും അനുകമ്പയും യഥാർത്ഥ അർത്ഥം അർഹിക്കുന്നത്. നാം സാമൂഹിക ജീവികളാണ്. സമൂഹമില്ലാതെ നമുക്ക് നിലനിൽപ്പില്ല. സമൂഹം നമുക്ക്വേണ്ടിയെന്ന പോലെ നാം സമൂഹത്തിനും വേണ്ടിയുള്ളവരാണ്. യേശുവിന്റെ ഉപദേശങ്ങളിലും നിറഞ്ഞു നിന്നത് ഈ താഴ്മയുടെയും അനുകമ്പയുടെയും നിറവായിരുന്നു.

പുരുഷാരത്തെക്കണ്ട് യേശു മനസ്സലിഞ്ഞു. ഹൃദയത്തിന്റെ ഉള്ളിൽ നിന്നുള്ള നിഷ്കളങ്കമായ പ്രവർത്തനമായിരുന്നു അത്. കുഷ്ഠരോഗികളിലേക്കും അശരണരിലേക്കും യേശുവിന്റെ കരം നീണ്ടത് ആത്മാർത്ഥതയുടെ അവതാരമായിട്ടായിരുന്നു. കുരിശിലെ മരണത്തോളം പിതാവിനു മുന്നിൽ അനുസരണമുള്ളവനായി താഴ്ന്നപ്പോൾ ദൈവം അവനെ ഏറ്റവും ഉയർത്തി സകലനാമത്തിലും മേലായ നാമം നൽകി (ഫിലി 2: 5-10). നിസ്വാർത്ഥമായ സേവനങ്ങളും കപടമുഖങ്ങളില്ലാത്ത താഴ്മയും വിശ്വസ്തതയോടെയുള്ള വിനയവും എന്നും ഓർമ്മിക്കപ്പെടും, നമ്മുടെ കാലം കഴിഞ്ഞാലും.

(*കഥയ്ക്ക് കടപ്പാട്- More stories for the Heart, Francis Xaviour, Bangalore*)

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*